പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ലോക്കൽ ബോഡീസിന്റെ ഷോപ്പിംഗ് കോംപ്ലക്സിലും അതുപോലെ വികസന അതോറിറ്റികളിലെ ഷോപ്പിംഗ് കോംപ്ലക്സിലും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഉത്തരവും ഇറക്കിയിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ അത് പാലിക്കപ്പെടുന്നില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥലത്ത് വേണ്ടത്ര ആപ്ലിക്കൻസില്ലാത്തതുകൊണ്ട് കൊടുക്കാറില്ല. ആപ്ലിക്കൻസുണ്ടെങ്കിലും അത് ബിനാമി ഇടപാടിലൊക്കെ നടക്കുന്നുണ്ടായിരുന്നു. അത് ഒഴിവാക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ വികസന അതോറിറ്റികളിലും ഇതുപോലെതന്നെ ചെയ്യാറുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ദേവസ്വം ബോർഡിൽ ഇതുപോലുള്ള സംവരണം ഏർപ്പെടുത്തണമെന്നാണ്. ദേവസ്വം ബോർഡ് സ്വയംഭരണസ്ഥാപനങ്ങളാണ്. അവിടെ ഇത് എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നുള്ളത് ദേവസ്വംബോർഡിലെ ആളുകളുമായി ബന്ധപ്പെട്ട് പരമാവധി അവിടെയുംകൂടി റൂമുകൾ കിട്ടാനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്.

(10) കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നാഷണൽ ഹൈവേയോട് ചേർന്നു കിടക്കുന്ന ആരോഗ്യ കേന്ദ്രമാണ്. ധാരാളം അത്യാഹിതങ്ങൾ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. അതുകൊണ്ട് തന്നെ പ്രസ്തുത സെന്ററിൽ ഒരു ട്രോമാകെയർ യൂണിറ്റ് ആരംഭിച്ച് എത്രയും വേഗം ആവശ്യമായ സ്റ്റാഫിനെയും അനുവദിക്കണം. അതുപോലെതന്നെ അത്യാഹിത വിഭാഗം ആരംഭിക്കണം. നിർബന്ധമായിട്ടും ആമ്പുലൻസ് അനുവദിക്കണം. ഓപ്പറേഷൻ തീയേറ്ററും ലാബറട്ടറിയും തുടങ്ങണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, എൻ.എച്ച്.47-ന്റെ സമീപത്തു കിടക്കുന്ന ഒരാശുപത്രിയാണ് ഇത്. അവിടെ 50701 പേർക്ക് കഴിഞ്ഞ വർഷം ഒ.പി.യിൽ ചികിൽസ നൽകുകയുണ്ടായി. 4334 പേർക്ക് ഐ. പി. ചികിൽസ നൽകുകയുണ്ടായി. അവിടെ ഒ. പി. ബ്ലോക്കുണ്ട്. സ്ത്രീകൾക്കും പുരുഷമാർക്കും സർജറിക്ക് ആവശ്യമായ വാർഡുണ്ട്. സ്റ്റാഫിന്റെ ചില കുറവ് കാണുന്നുണ്ട്. രണ്ട് സിവിൾ സർജർമാരും 5 അസിസ്റ്റന്റ് സർജൻമാരും അടക്കം 22 ജീവനക്കാരാണ് സേവനം അനുഷ്ഠിച്ചിരുന്നത്. അവിടെ 2 സർജൻമാരുടെയും, 2 ഹോസ്പിറ്റൽ അറ്റന്റർമാരുടെയും, ലാബ് ടെക്നീഷ്യന്റെയും ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോമോ കെയർ സെന്റർ തുടങ്ങുന്നതിനെ സംബന്ധിച്ച് ഇപ്പോൾ പെട്ടെന്ന് മറുപടി പറയാൻ അസൗകര്യമുണ്ട്. അവിടെ ധാരാളം അപകടങ്ങൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവിടെ ആമ്പുലൻസ് കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly